# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*458 — 18.11.2019 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ സേവനം ഫലപ്രദമാക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ<br>,, കാരാട്ട് റസാഖ്<br>,, ഒ. ആർ. കേളു<br>,, എസ്.രാജേന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ആശുപത്രികളുടെ ശേഷിക്കുമപ്പുറം വളരെയധികം രോഗികൾ എത്തുന്നതിനാൽ അതിവിദഗ്ദ്ധവും അടിയന്തരവുമായ ചികിത്സ അനിവാര്യമായവർക്ക് ആയത് ലഭിക്കാതെ പോകുന്നതും നിരവധി പേർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതമാകുന്നതും കണക്കിലെടുത്ത് പ്രാഥമിക, ദ്വിതീയ തല ആശുപത്രികളെ ശക്തിപ്പെടുത്തി തൃതീയ തല ആശുപത്രികളുടെ സേവനം ഫലപ്രദമാക്കാൻ പദ്ധതിയുണ്ടോ; | (എ) | സംസ്ഥാനത്തെ തിരഞ്ഞെടുത്ത പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിലൂടെ ടി സ്ഥാപനങ്ങളിലെ ഒ.പി സമയം ആറ് മണിവരെ ദീർഘിപ്പിക്കുകയും മെച്ചപ്പെട്ട ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പ്രാഥമിക തലത്തിൽ തന്നെ മെച്ചപ്പെട്ട സേവനം രോഗികൾക്ക് പ്രദാനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ജില്ലാ തല ആശുപത്രികളിൽ പുതുതായി സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൂടുതൽ സേവനങ്ങൾ പ്രാഥമിക/ ദ്വിതീയ തലങ്ങളിൽ ഏർപ്പെടുത്തുക വഴി മുൻകാലങ്ങളിൽ തൃതീയ തല ആശുപത്രികളിൽ മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ ദ്വിതീയ തല ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | മാറാരോഗികൾക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനുള്ള സംവിധാനം വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; | (ബി) | സാന്ത്വന ചികിത്സാ സംവിധാനം സാർവത്രികമാക്കുവാൻ സർക്കാർ തലത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി വഴി രോഗികൾക്കും വീട്ടുകാർക്കും ട്രെയിനിംഗ് റിഹാബിലിറ്റേഷൻ പ്രോഗ്രാം, സാന്ത്വന പരിചരണം എന്നിവ നടത്തി വരുന്നു. ഉയർന്ന ആയുർദൈർഘ്യവും, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളുടെ കാരണത്താൽ ദീർഘകാല രോഗങ്ങളാൽ വലഞ്ഞവരും, വാർദ്ധക്യ സഹജമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി സർക്കാർ |

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും പ്രൈമറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും സി.എച്ച്.സികളിലും മേജർ ഹോസ്പിറ്റലുകളിലും സെക്കൻഡറി , ടേർഷ്യറി ലെവൽ പാലിയേറ്റീവ് കെയർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകൾ വഴി നൽകി വരുന്ന സാന്ത്വന പദ്ധതികളും വ്യക്തിഗത/ സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ പദ്ധതികളും സമന്വയിപ്പിച്ചുകൊണ്ട് സാന്ത്വനപരിചരണ രംഗം വികസിപ്പിക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയായ 'അരികെ 'സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പാലിയേറ്റീവ് പരിചരണ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സാന്ത്വന ചികിത്സ സാർവ്വത്രികമാക്കാൻ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ പ്രിവന്റീവ് ക്ലിനിക്കിൽ പാലിയം ഇന്ത്യയുടെ നേതൃത്വത്തിൽ സൗജന്യമായി ഒരു മണി മുതൽ 4 (നാല്) മണിവരെ ഞായറാഴ്ച ഒഴികെയുള്ള എല്ലാ ദിവസവും സാന്ത്വന ചികിത്സ നടത്തി വരുന്നു. ഇവിടെ നിന്ന് ഒ.പി.യിലും ഐ.പി.യിലുള്ള രോഗികൾക്ക് മോർഫിൻ ഗുളിക ഉൾപ്പടെയുള്ള മരുന്നുകൾ സൗജന്യമായി നല്കി വരുന്നു.

2. കോഴിക്കോട് മെഡിക്കൽ കേളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

3. ആലപ്പുഴ മെഡിക്കൽ കോളേജിൽ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസം പാലിയേറ്റീവ് കെയർ ഒ.പി. നടത്തി വരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹോം കെയർ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ സഹകരണത്തോടെ വീടുകൾ കേന്ദ്രീകരിച്ച്

| | | | |
|---|---|---|---|
| | | | പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം നടത്തി വരുന്നു. കൂടാതെ കോട്ടയം മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ ഏറ്റുമാനൂർ ഹെൽത്ത് സെന്ററിൽ രണ്ട് യൂണിറ്റ് പാലിയേറ്റീവ് കെയർ പദ്ധതി മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ നിന്ന് ആവശ്യമായ മരുന്നുകളും ചികിത്സാ സാമഗ്രികളും രോഗികൾക്ക് വിതരണം ചെയ്തു വരുന്നു.<br><br>ഇതു കൂടാതെ സാന്ത്വന പരിചരണ ചികിത്സ സാർവ്വത്രികമാക്കുന്നതിനു വേണ്ടിയുള്ള സർക്കാർ നടപടിയുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും സാന്ത്വന ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (സി) | ജലജന്യ, ആഹാരജന്യ രോഗങ്ങൾ ഒഴിവാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, PSC മുഖേന നിയമിച്ച 114 ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ട്രെയിനിംഗ് നൽകി, നോട്ടിഫൈ ചെയ്തു നിയമനം നൽകുയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും, 3 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും, NABL Accreditation ഉള്ള 3 അനലിറ്റിക്കൽ ലാബുകളും 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശ്രമിക്കുന്നുണ്ട്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമേ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല/ മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാഗുണനിലവാര നിയമം |

| | | | |
|---|---|---|---|
| | | | ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്തതും ആരോഗ്യത്തിന് ഹാനികരവുമാണെന്ന് കണ്ടെത്തുന്ന അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം-2006 ൽ പരാമർശിക്കുന്ന പ്രകാരം ഭക്ഷ്യ വസ്തുക്കൾ തിരിച്ച് വിളിക്കൽ (സെക്ഷൻ 28), ഇംപ്രൂവ്മെന്റ് നോട്ടീസ് (സെക്ഷൻ 34) എന്നീ വകുപ്പുകളും ഫലവത്തായി ഉപയോഗിച്ച് വരുന്നു.<br>സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂന്ന് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ മുഖേനയും കുടിവെള്ളം പരിശോധിക്കുന്നുണ്ട്. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സഹായത്തോടെ ഗ്രാമ പഞ്ചായത്തുകളിലെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും, സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള (Quick Detection of Adulteration Test (പാൽ, ഭക്ഷ്യ എണ്ണകൾ) സംവിധാനവും, ഭക്ഷ്യവസ്തുക്കളിലെ കൃത്രിമ കളർ കണ്ടെത്തുന്നതിനുള്ള സംവിധാനവും ഈ ലാബുകളിൽ നിലവിലുണ്ട്. അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കം കഴിഞ്ഞ സമയങ്ങളിൽ ടി സ്ഥലങ്ങളിലെ കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ട്.<br><br>കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) യുടെ നിർദ്ദേശാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് നിരവധി ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. FoSTC (Food safety Training & Certification), RUCCO (Repurpose Used Cooking Oil), BHOG (Blissful Hygienic Offering to God), SNF@ School (Safe & Nutritious Food at School, Clean Street Food Hub സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. മത്സ്യങ്ങളിലെ രാസപദാർത്ഥങ്ങളുടെ |

| | | | |
|---|---|---|---|
| | | | സാന്നിദ്ധ്യം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ സാഗർ റാണി, ശർക്കരയിലെ മായം കണ്ടെത്തുന്നതിനുള്ള ഓപ്പറേഷൻ പനേല തുടങ്ങിയ പദ്ധതികളും നടന്നു വരുന്നു. സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന Government Contract Centre (GCC) വഴി (Toll Free No. 1800 425 1125) ലഭിക്കുന്ന ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന QRT (Quick Response Team) സംവിധാനം എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br>കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബും ഗവേഷണ കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ആരോഗ്യ സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേഡർ വിഭജനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 30.05.2019-ലെ സ.ഉ (കൈ) 71/2019/ആ.കു.വ പ്രകാരം പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കേഡർ സംവിധാനം നിലവിലുണ്ട്. നിലവിൽ ലക്ചറർ, അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ, പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ, ഡി.എം.ഇ. എന്നീ കേഡർ തസ്തികകൾ നിലവിലുണ്ട്. |

Hari

സെക്ഷൻ ഓഫീസർ